നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 5-11-2020-ലെ സ.ഉ.(അ) നമ്പർ 152/2020/ധന പ്രകാരം ധനദുർവ്വിനിയോഗം സാധ്യമാക്കുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 5-5-2020- ലെ സർക്കാർ ഉത്തരവുപ്രകാരം നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ (COVID -19 Pandemic and Kerala : A Response Strategy) മറ്റു നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്.

ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം

89 (1817) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. ആസ്തി/പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം സാമൂഹ്യനീതി വകുപ്പ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമാക്കാമോ; വിശദാംശങ്ങൾ നൽകുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അച്ചടി)നമ്പർ 161/2017/ധന ഉത്തരവ് പ്രകാരവും നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന ഉത്തരവ് പ്രകാരവും ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം അനുവദിക്കുന്നത് അനുവദനീയമല്ല. ആയതിനാൽ, ടി പദ്ധതികളുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

സ്പാർക്ക്

90 (1819) ശ്രീ. പി. അബ്ദുൽ ഹമീദ്.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധസർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങൾ/എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരടക്കമുള്ളവരുടെ സേവന/വേതനവ്യവസ്ഥകൾക്കായുള്ള സ്പാർക്ക് എന്ന ഓഫീസിൽ, ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പളപരിഷ്കരണവും യു.ജി.സി ജീവനക്കാരുടെ 7- ാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ സ്പാർക്ക് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മതിയായ ജീവനക്കാരുടെ താൽക്കാലികമായിട്ടുള്ള അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ സേവന/വേതന വ്യവസ്ഥകൾ സംബന്ധിച്ച പരാതികൾ അതിവേഗം പരിഹരിക്കുംവിധം ആവശ്യത്തിന് ജീവനക്കാരെ നിയോഗിക്കുന്ന കാര്യവും ഒരു കോൾ സെന്റർ മാതൃകയിൽ പ്രത്യേക ഹെൽപ്പ് ഡസ്ക് രൂപീകരിക്കുന്ന കാര്യവും പരിശോധിക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പളപരിഷ്കരണവും യു.ജി.സി ജീവനക്കാരുടെ 7-ാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ സ്പാർക്ക് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി താൽക്കാലികമായി കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. സ്പാർക്ക് (പി.എം.യു) കോൾ സെൻറർ മാതൃകയിലുള്ള ഹെൽപ്പ് ഡെസ്കായിട്ടാണ് പ്രവർത്തിച്ചുവരുന്നത്.

(സി) ജില്ലാതല ഓഫീസുകളിൽ കൂടുതൽ അധികാരം വികേന്ദ്രീകരിച്ച് ജില്ലാതലത്തിൽതന്നെ പരമാവധി പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആറ് ജില്ലാ ട്രഷറികളിൽ സ്പാർക്ക് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്പാർക്ക് (പി.എം.യു) ഓഫീസിൽ നിന്നുള്ള മാസ്റ്റർ ട്രെയിനേഴ്സിനെ നിയോഗിച്ചിട്ടുണ്ട്. (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ്). ബാക്കിയുള്ള ജില്ലാ ട്രഷറികളിൽകൂടി സ്പാർക്ക് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു .

ഭാഗ്യക്കുറി വില്പന

91 (1820) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നികുതിയേതര വരുമാനത്തിന്റെ എൺപത് ശതമാനത്തോളം നൽകുന്ന ഭാഗ്യക്കുറി വില്പന കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?